## ***Weekly Devotion - July 2019***

# Cruse in the Smoke ( psalms :119:83)

# (പുകയത്തു വച്ച തുരുത്തി-സങ്കീ: 119:83)




അഗ്നിബാധ ഉണ്ടായ സ്ഥലം സന്ദർശിക്കുമ്പോൾ അവശിഷ്ടങ്ങൾ എല്ലാം പുക മൂലം കറുത്ത നിറം ബാധിച്ചതും ഭംഗി നഷ്ടപ്പെട്ടതും, പ്രയോജനരഹിതവുമായ വസ്തുക്കളുമായിരിക്കും .എന്നാൽ പുകയത്തുവച്ച് ഉണങ്ങിയാൽ മാത്രം വിലകിട്ടുന്നതും പ്രയോജനമുള്ളതുമായ വസ്തുക്കളുണ്ട് ഉദാ: റബ്ബർഷീറ്റ്, ഒട്ടുപാൽ,തോട്ടുപുളി.

പണ്ട് യഹുദന്മാർ ദീർഘദൂരയാത്രയിൽ തോൽതുരുത്തികളാണ് ഉപയോഗിച്ചിരുന്നത്.തുകൽ കൊണ്ടുണ്ടാക്കിയസഞ്ചികൾ പുകയത്ത് തൂക്കിയിട്ട് ഉണക്കും. അപ്പോൾ അവയുടെ രൂപഗുണം നഷ്ടമാകുന്നു. തൊലിയിലെ ജലാംശം നഷ്ടമാകുമ്പോൾ അത് ഭംഗികുറഞ്ഞ് ചുരുങ്ങുന്നു. അപ്പോൾ മാത്രമാണ് അത് കൂടുതൽ ഉപയുക്തമാകുന്നത്.

സങ്കീ:119:83ൽ സങ്കീർത്തനക്കാരൻ പറയുന്നു “ഞാൻ പുകയത്തുവച്ച തുരുത്തിപോലെ ആയിരിക്കുന്നു എങ്കിലും ഞാൻ നിന്റെ ചട്ടങ്ങളെ മറക്കുന്നില്ല”ദൈവ വചനം ഉള്ളിൽ നിറയുവാൻ കാരണം

ദൈവത്തെ അന്വേഷിപ്പാൻ ഇടയായതും പുക ഏറ്റതുമൂലമാണ്.പുകയത്തുവച്ച തുരുത്തിപോലെ യേശു മാറിയ അവസ്ഥയെപ്പറ്റി യെശയ്യാ പ്രവാചകൻ പറഞ്ഞവാക്കുകൾ യെശ:(53:2-5)വരെയുള്ള വാക്യങ്ങളിൽ കാണുന്നു.

1948 ൽ രണ്ട് സുഹൃത്തുക്കൾ തിരുവല്ലായുടെ സമീപ പ്രദേശത്തു നിന്ന് മധുരയിൽ തുണി എടുക്കുവാൻ പോയി .തുണിക്കടയിലേക്ക് ആവശ്യമായതു ക്രമീകരിച്ചശേഷം, ക്ഷീണിതരായ അവർ , സുവിശേഷവേലക്കായി തങ്ങളുടെ നാട്ടിൽ നിന്നും എത്തിയ സുഹൃത്തിന്റെ വീട്ടിൽ അന്തിയുറങ്ങാം എന്ന് നിശ്ചയിച്ച് വീട് തിരക്കി കണ്ടെത്തി . മുറ്റത്ത് എത്തുമ്പോൾ കരഞ്ഞുകൊണ്ട് പാടുന്നതും, പ്രാർത്ഥിക്കുന്നതും കേട്ടു .പ്രാർത്ഥന തീർന്നപ്പോൾ അവർ വാതിലക്കൽ മുട്ടി .വാതിൽ തുറന്ന സുസ്മേരവദനനായ ഉപദേശിയെ കണ്ടപ്പോൾ അവർ അതിശയിച്ചു. അകത്തുകയറിയ അവർക്ക് മനസ്സിലായി അവിടെ തീ പുകഞ്ഞിട്ട് കുറെ ദിവസമായി എന്ന്. പട്ടിണിക്കോലമായിട്ടും  തന്റെ പ്രീയനെ മറക്കാതെ സുവിശേഷിക്കുന്ന സുഹൃത്തിന് ആദ്യമായി നാട്ടിൽ തന്നെ ഒരു കൺവൻഷനുള്ള ക്ഷണം അവർ നൽകുകയും  ചെയ്തു. പുകയത്തു വച്ചിട്ടും കല്പനകളും അതു  തന്നവനെയും മറക്കാത്തവനെ ദൈവവും കൈവിടുകയില്ല.

ശോധനകൾ അടിക്കടിവരുമ്പോൾ നമ്മെ വിമർശിക്കുന്നവരും അനർത്ഥം കണ്ട് സന്തോഷിക്കുന്നവരുമുണ്ട്. ഈ ലോകമനുഷ്യരെ കണ്ട് ഭയപ്പെടേണ്ട. ഇവർ സാത്താന്യപ്രതീകങ്ങളാണ്. ഉദാഹരണമായി ഇയ്യോബിന്റെ ജീവിതം ശ്രദ്ധിയ്ക്കാം. യാഗവും പ്രാർത്ഥനയും എല്ലാം നടക്കുമ്പോഴും നഷ്ടം ഒന്നിനുപുറകേ ഒന്നായി സംഭവിച്ചു. പുകയത്തു വച്ച തുരുത്തിയായി മാറിയ തന്റെ അവസ്ഥ അദ്ദേഹം വിവരിക്കുന്നതും ഇയ്യോ:(30:26,28,30) വാക്യങ്ങളിൽ കാണുന്നു. അധരം കൊണ്ട് പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നവർ അദ്ദേഹത്തെ അതിനായി പ്രേരിപ്പിച്ചു എങ്കിലും അധരം കൊണ്ട് പാപം ചെയ്യാതെ പിടിച്ചു നില്ക്കുവാൻ ദൈവം കൃപചെയ്യ്തു.(Job:(2:10) and Job:(23:10) ഇവ വായിക്കുക.

ചില അവസരങ്ങളിലെ  പുക ശ്വാസത്തടസ്സവും കണ്ണുനീരും ഉണ്ടാക്കുന്നു.,ഇതുപോലെ നമുക്ക് ശ്വാസത്തടസവും കണ്ണുനീരും വരുത്തുന്നവരുടെ സ്വഭാവം സങ്കീ:(119:85,86)വാക്യങ്ങളിൽ സങ്കീർത്തനക്കാരൻ വ്യക്തമാക്കുന്നു.ധൈര്യമായി പ്രതികുലത്തെ നേരിടുന്നവന്റെ അടുക്കൽ ദൈവം തന്നെ ഇറങ്ങിവരുകയോ, രക്ഷിപ്പാൻ പ്രകൃതിയോട് കല്പിക്കുകയോ ചെയ്യുന്നു.

Read ദാനി:(3:15,24-27)

അപ്പോ:പ്രവ:(16:23-26)

ചില പുക പിടിച്ച് കരിഞ്ഞ വസ്തുക്കൾ നല്ല മഴ പെയ്തോ, കഴുകിയോ വ്യത്തിയാക്കി എടുക്കുന്നു.

അതുപോലെ ഒന്നിനും കൊള്ളില്ല എന്ന് കരുതി ഉപേക്ഷിക്കുന്ന വ്യക്തികൾ ഒരു പാട്ടോ,ഒരുലഘുലേഖയോ ഒരു വചനത്തിലെ വരിയോ ആരിൽ നിന്നെങ്കിലും കേൾക്കുവാനിടയായാൽ നല്ല മാനപാത്രമാകും . പുക

യത്തിരുന്ന നാമാകുന്ന തുരുത്തികളുടെ അനുഭവങ്ങൾ, പ്രത്യാശയുടെ വാക്കുകൾ, പാട്ടുകൾ, പ്രാർത്ഥനകൾ ഇവ ഈ അന്ത്യകാലത്ത് അനേകരെ രക്ഷിച്ചെടുക്കുവാനുള്ള മുഖാന്തരങ്ങളാകട്ടെ .ദൈവീകചട്ടങ്ങൾ പഠിപ്പാൻ നമ്മെ കഷ്ടതയിലാക്കിയത് (പുകയത്തുവച്ചത്) നമുക്ക് ഗുണമായി  എന്ന് പറയുവാൻ ദൈവം ഇടയാക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg